മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government)*.— (എ) (i) ഇല്ലാ.

(ii) മറുപടി ആവശ്യമില്ലാ.

(ബി) ഫ്രഫ്രാ ചിങ്ങം ൧-ാം ന-യിലത്തെ കൊച്ചി ഗവമ്മെണ്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഫൻനന്ന ആഗസ്റ്റ് ൨൨-ാം ന-യിലത്തെ പി. ന—ഫ്രഫ്രഫ്ര-ൽ ഫനന്നർവ്വ-ാം നമ്പ്ര ഉത്തരവു നോക്കുക.

Staff Selection Board—appointments—particulars regarding.

൨൦൨. മിസ്റ്റർ വി. കെ. കുട്ടി *(Muslims)* താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറു ദയവു മറുപടി പറയുമോ:

സ്റ്റാഫ് സെലക്ഷൻ ബോർഡു മുഖേന ഇതേവരെ നിയമിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പേരുവിവരവും, അവരുടെ ശമ്പളത്തോതും, വിദ്യാഭ്യാസയോഗ്യതയും, അവർ ജോലിചെയ്യുന്ന ഡിപ്പാർട്ടുമെണ്ടുകളുടെ പേരും അടങ്ങിയ ഒരു ലിസ്റ്റ് അച്ചടിച്ചു മേശപ്പുറത്തു വെക്കുമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government)*.— സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ ശുപാർശയനുസരിച്ചു ഗവമ്മെൻറിൽനിന്നും നിയമിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പട്ടികകൾ ഫ്രഫ്രാ ധന ൨൩-ാം ന- യിലത്തെ കൊച്ചി ഗവമ്മെൻറു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— പ്രസിദ്ധം ചെയ്തിരിക്കുന്ന കാളങ്ങളിൽ ഏതു ദിവസത്തിൽ ഉണ്ടായ വേക്കൻസിക്കാണ് അപ്പായിൻറു ചെയ്തിട്ടുള്ളതു് എന്നു പറഞ്ഞിട്ടില്ല. അതുകൊണ്ടു ദയവുചെയ്ത് ആ കാളംകൂടി ഇതിൽ ഉൾപ്പെടുത്തിയാൽ കൊള്ളാം.

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government)*.— Period of Vacancy കാണിക്കണമെന്നാണോ?

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— അതെ.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ *(Urakam)*.— സ്റ്റാഫ് സെലക്ഷൻ ബോർഡി ലുദ്യോഗാർശകളെല്ലാം ഗവമ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

Mr. T. S. Narayana Ayyar *(Secretary to Government)*.— According to the constitution of this board they are purely advisory.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ *(Urakam)*.— എല്ലാം സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— ഇതേവരെയുള്ളതെല്ലാം സ്വീകരിച്ചിട്ടുണ്ട്.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji).*—ടെക് നിക്കൽ കോളിഫിക്കേഷൻ വേണ്ടതായ ഒരു വേക്കൻസി വന്നപ്പോൾ അവകാശപ്പെട്ട ജാതിയിലെ ഒരാൾക്കു കൊടുക്കാതെ വേറെ ഒരാൾക്കു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— അതുണ്ടായിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ധന വന്യ-ാംന- പ്രസിദ്ധപ്പെടുത്തിയ ഗസറ്റിൽ കാണിച്ചിട്ടുള്ളതുപോലെ സ്ഥിരം ഒഴിവിൽ നിയമിച്ചിട്ടുള്ളതു് സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ രൂപം അനുസരിച്ചാണോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— റൊട്ടേഷൻ ക്രമമായി അനുസരിച്ചിട്ടാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ഈ സ്ഥിരം ഒഴിവുകളിൽ നിയമിച്ചിട്ടുള്ളവരിൽ എത്ര ഈഴവരുണ്ടെന്നു പറയാമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— പട്ടികയിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— സ്റ്റാഫ് സെലക്ഷൻ ബോർഡു നിയമപ്രകാരം എത്ര പേഴ്സെൻറാണു് ഈഴവർക്കുള്ളതു്?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government.)*— നൂറുക്കു പത. അല്ലെങ്കിൽ ഉറ-ന് ഫറ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ക്രസ്ത്യാനിക്കു് എത്രയുണ്ടു്?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— അതൊക്കെ പ്രൊസീഡിംഗ്സിൽ ഉണ്ടല്ലോ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— സ്ഥിരം ഒഴിവുകളിൽ നിയമിച്ചിട്ടുള്ളതു് പകരം നോക്കിയിട്ടുള്ളവരെയാണോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— അതെ. അവക്കാണു പ്രിഫറൻസു കൊടുക്കുന്നതു്. ഗവമ്മെൻറു പാസ്സാക്കിയിരിക്കുന്ന രൂപം അനുസരിച്ചാണു് ഈ പ്രിഫറൻസ് കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ആക്ടിംഗ് സപ്ലീസിൽ നിയമിക്കപ്പെട്ടിട്ടുള്ളവരിൽ എത്ര പേർ ഇപ്പോൾ ത്രോണൗട്ടായിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ (*Secretary to Government*).— പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*) — ആക്ടിംഗ് സപ്ലീസിൽ നിയമിച്ചിട്ടുള്ള ഫാവ നിയമനങ്ങളിൽ, നിയമനം കഴിഞ്ഞു ചാജ്ജ് എടുക്കുവാൻ ചെന്നപ്പോൾ ആ ഉദ്യോഗത്തിന് ഒഴിവില്ലാതെ മടങ്ങിപ്പോന്നവരുണ്ടോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ (*Secretary to Government*) — അങ്ങിനെ ഒരാൾ പോന്നിട്ടുണ്ട്. എന്താണെന്നുവച്ചാൽ ഇവിടത്തെ നിയമനം കഴിഞ്ഞതിനു ശേഷമാണ് വേക്കൻസി ഇല്ലെന്നു ഹെഡ് ആഫ് ഡിപ്പാർട്ടുമെൻറിൽനിന്നും റിപ്പോർട്ട കിട്ടിയതു്. ആക്ടിംഗ് ഹാൻറ്സ് ത്രോണൗട്ടായാൽ ഹെഡ്സ് ആഫ് ഡിപ്പാർട്ടുമെൻറുസിൽ നിന്നും റിപ്പോർട്ട ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. ഈയാഫീസു അടുത്ത സെലക്ഷനിൽ അപ്പായിൻറുമെൻറ് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സ്റ്റാഫ് സെലക്ഷൻ നിയമപ്രകാരം നിയമനം നടത്തുന്നതിൽ ഉദ്യോഗ കാലാവധിയുടെ പേഴ്സെൻറേജ് നോക്കിവരുന്നുണ്ടോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ (*Secretary to Government*) — കഴിയുന്നതും കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ച് ഈ കാര്യത്തിൽ ചെയ്യുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ ഫാവ നിയമനങ്ങളിൽ എത്ര ഈഴവർ ഇപ്പോൾ ത്രോണൗട്ടായിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ (*Secretary to Government*).— ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *Ezhuvas North*).— മേലാൽ സ്റ്റാഫ് സെലക്ഷൻ ബോർഡിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന സ്റ്റേറുമെൻറിൽ അവരുടെ ആക്ടിംഗ് സപ്ലീസ്, അന്നത്തെ ശമ്പളം, ഇപ്പോൾ നിയമനം നടത്തുന്ന കാലാവധി എന്നീ സംഗതികൾകൂടി ചേർക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ (*Secretary to Government*).— അതിൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—These have been published. Once the scheme has been sanctioned, Government must be able to work out the scheme properly.

Mr. T. S. Narayana Ayyar *(Secretary to Government).*—Vacancies shorter than 15 days will not be filled up. Heads of Departments do not report these vacancies. The shortest vacancy so far filled up is for 20 days.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— എന്നാൽ പിന്നെ ഞങ്ങൾക്കിതുകൊണ്ടു പ്രയോജനമില്ല.

Mr. President.—No human agency can workout a scheme like that.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— ഒരു സംഗതി ഗവൺമെൻറിന്റെ റദ്ദിയിൽ കൊണ്ടുവരുവാൻ ഞാൻ താല്പര്യപ്പെടുന്നു. പ്രസിദ്ധപ്പെടുത്തീട്ടുള്ള പട്ടികപ്രകാരം ആക്ടിംഗ് സൂപ്രീംസുകാരുടെ ശമ്പളത്തിൽ ചില സമുദായക്കാരെ അപേക്ഷിച്ചു വളരെ ഭേദഗതിയുണ്ട്. മേലിൽ ഇതു് ഉണ്ടാകാതെ നോക്കണം.

Mr. President.—With a view to see that all communities get an equal share we have divided the appointments into four groups and different rotations for each group are followed. Government will be glad to receive any constructive suggestions. It is beyond the ingenuity of Government to accept the suggestion of the Hon'ble Member.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji).*— ടെക്നിക്കൽ കാളിഫിക്കേഷൻ വേണ്ടതായ ഒരു വേക്കൻസിക്കു് ഒരേ കമ്മ്യൂണിറ്റിയിൽ നിന്നു് അവകാശപ്പെട്ട രണ്ടു് ആളുകൾ അപേക്ഷിക്കുന്നതായാൽ സ്റ്റാഫ് സെലക്ഷൻ ബോർഡു് അനുസരിച്ചു ഗവൺമെൻറു് എന്തു ചെയ്യും?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— അപ്പോൾ സൂപ്രീംസു നോക്കീട്ടേ വെക്കുകയുള്ളൂ.

Once you agree with the scheme there is no difficulty. There is no use raking up objections to the scheme itself. The seniority of candidates is determined by seniority in service.

Mr. President.—Are you discussing a hypothetical question or theoretical one? Has the question arisen so far?

Mr. T. C. Iyyukutty *(Pazhanji).*—It has not arisen so far. It will be arising.

203. Mr. T. C. Iyyukutty *(Pazhanji).*—Will the Government be pleased to print and place on the table a caste-war

LIBRARY ARCHIVES Kerala Legislative Assembly

statement of appointments made by the Staff Selection Board up to 15th Dhanu 1112?

Mr. T. S. Narayana Ayyar *(Secretary to Government).*—The appointments made by Government on the recommendation of the Staff Selection Board have been published in the Gazette, dated 26th Dhanu 1112.

Staff Selection Board—Applications from Chittur public—information regarding.

204. Mr. A. Eachara Menon *(Chittur-Rural).*—Will the Government be pleased to state.—

(1) how many applications for appointments have they received from the public of Chittur after the constitution of the Staff Selection Board;

(2) how many of these applicants have been taken into service?

Mr. T. S. Narayana Ayyar *(Secretary to Government).*—

(1) 65.

(2) 2.

Mr. A. Eachara Menon *(Chittur Rural).*—Is it due to want of qualification on the part of the applicants that so few a number has been given to Chittur?

Mr. T. S. Narayana Ayyar *(Secretary to Government).*—It cannot be so explained, for the obvious reason that the distribution of appointments is not regional but according to community and acting service. I may say for the information of the Hon'ble Member that as far as possible we are trying to put people belonging to particular localities in those localities themselves, consistently with the other rules relating to selection.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ചിറ്റൂർ താലൂക്കു വിദ്യാഭ്യാസത്തിൽ പിന്നണിയിലാണു നിൽക്കുന്നതു് എന്നു ഗവൺമെൻറിനറിയാമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*—അറിവില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*—ഗവൺമെൻറിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധപ്പെടുത്താറുള്ള ആനുവൽ റിപ്പോർട്ട് ഒരുവായി നോക്കിയാൽ അറിയാം.

LIBRARY ARCHIVES Kerala Legislative Assembly